(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വൈദ്യുതി ക്ഷാമവും വോൾട്ടേജ് കുറയും പരിഹരിക്കാൻ നടപടി

* 165 [168] ശ്രീ. ഇ.ടി.മുഹമ്മദ് ബഷീർ:

,, ലോനപ്പൻ നമ്പാടൻ:

,, എ.വി.അബ്ദുറഹിമാൻഹാജി:

,, പി.വി.മുഹമ്മദ്:

,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമവും വോൾട്ടേജ് കുറയും പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൈക്കൊള്ളാൻ പോകുന്നത്;

(ബി) സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) സംസ്ഥാനത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കെ. എസ്. ഇ. ബി. എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ അതിന്റെ സ്ഥിതി എന്താണ്;

(ഇ) പദ്ധതി എന്നു പൂർത്തിയാകും;

(എഫ്) വേൾഡ് ബാങ്കിന്റെ സഹായം എത്രകോടി രൂപയാണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ, ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ കഴിയുന്നതും വേഗം പൂർത്തീകരിക്കാനും വൈദ്യുത പ്രസരണ വിതരണ ശൃംഖല കൂടുതൽ ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ വിദ്യുച്ഛക്തി ഉൽപ്പാദന പദ്ധതികൾ ഏറ്റെടുക്കാനും സ്റ്റാറ്റിക്വാർ കോമ്പൻസേറർ എന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഉപകരണം പ്രസരണ ശൃംഖലയിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(സി) ഉണ്ട്. 400 കെ.വി., 220 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കുക, വേണ്ട ട്രാൻസ്മീഷൻ ലൈനുകൾ നിർമ്മിക്കുക, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വിതരണം ശക്തിപ്പെടുത്താനുള്ള മാസ്റ്റർപ്ലാൻ നടപ്പാക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ഭാഗങ്ങൾ.

(ഡി) സബ് സ്റ്റേഷനുകൾക്കും അതിനോടനുബന്ധിച്ച പ്രസരണ ലൈനുകളുടേയും നിർമ്മാണത്തിനുവേണ്ട സാധന സാമഗ്രികൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചുകഴിഞ്ഞു. അവയുടെ പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്.

(ഇ) 1990-ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) ഉദ്ദേശം 140 കോടി രൂപയാണ്.

നെല്ലുൽപ്പാദനം

* 166 [169] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:

,, പി.സി.തോമസ് (കടുത്തുരുത്തി):

,, വി.എസ്.ചന്ദ്രശേഖരൻ പിള്ള:

,, ടി.കെ.ആറുമുഖൻ:

,, സി.വാസുദേവ മേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ എന്തെങ്കിലും പരിപാടി ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ നെല്ല് ഉൽപ്പാദനം എത്ര ടൺ ആയിരുന്നു;

(സി) ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിച്ച മേഖല ഏതാണ്;

(ഡി) ഊർജ്ജിത നെല്ല് ഉൽപ്പാദന പരിപാടി എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരം നാടാർ):

(എ) പല പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. മേൽത്തരം വിത്തുകളുടെ വിതരണം, ജലസേചന സൗകര്യങ്ങളുടെ വികസനം, വളം, കീടനാശിനി എന്നിവയുടെ വിതരണം, വായ്പാസൗകര്യങ്ങൾ, കൃഷിവിജ്ഞാനവ്യാപനം, കൃഷിനാശങ്ങൾക്കുള്ള നഷ്ടപരിഹാരം, ഭൂവികസന പരിപാടികൾ, പലയിനത്തിലുള്ള സാമ്പത്തിക സഹായം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്.

(ബി) 12,33,262 ടൺ.

(സി) പാലക്കാട് മേഖല.

(ഡി) ഉൽപ്പാദന സാദ്ധ്യത വളരെ കൂടുതലുള്ള പാടശേഖരങ്ങൾ തിരഞ്ഞെടുത്ത് അവിടത്തെ കൃഷിക്കാരെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് ആധുനിക കൃഷിരീതികളിലൂടെ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടിയാണ് ഊർജ്ജിത നെല്ലുൽപ്പാദന പരിപാടി.

LIBRARY ARCHIVES Kerala Legislative Assembly